# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1507** — **14.06.2013-ൽ മറുപടിക്ക്**

### ഫാമുകളുടെ യന്ത്രവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.പി. വിൻസെന്റ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.കെ.മുരളീധരൻ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഫാമുകൾ യന്ത്രവൽക്കരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടില്ലാത്ത സംസ്ഥാനത്തെ 5 സ്പെഷ്യൽ ഫാമുകൾ യന്ത്രവൽക്കരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) ആയതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) 1) ആധുനിക കാർഷിക ഉപകരണങ്ങൾ കൃഷി ഫാമുകൾക്ക് ലഭ്യമാക്കുക.<br>2) തൊഴിലാളികളുടെ കഷ്ടപ്പാടുകൾ കുറയ്ക്കുക.<br>3) കാർഷിക പ്രവർത്തികൾക്കുള്ള ചിലവ് കുറയ്ക്കുക<br>4) കാർഷിക പ്രവർത്തികൾക്കുള്ള സമയം കുറയ്ക്കുക<br>5)കൃത്യസമയത്ത് കൃഷിപ്പണികൾ പൂർത്തിയാക്കുക |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) ഇതിനായി പ്രത്യേകം ഏജൻസികളെയൊന്നും ബന്ധപ്പെടുത്തിയിട്ടില്ല. |
| ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഡി) പദ്ധതി നടത്തിപ്പിനായി സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ട്രാക്ടറുകളും അനുബന്ധ യന്ത്ര സാമഗ്രികളും വാങ്ങി മേൽപ്പറഞ്ഞ ഫാമുകൾക്ക് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

Sreeja
സെക്ഷൻ ആഫീസർ